**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -233 17.06.2019-ലെ മറുപടി**

**സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവർത്തനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. പി.ജെ.ജോസഫ്<br>ശ്രീ .സി.എഫ്.തോമസ് | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവർത്തനം സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | കേരള വാട്ടർ അതോറിറ്റിക്ക് തിരുവനന്തപുരം നഗരത്തിൽ മുട്ടത്തറയിൽ 107 എം.എൽ.ഡി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും കൊച്ചിയിൽ 4.5 എം.എൽ.ഡി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഗുരുവായൂരിൽ 3 എം.എൽ.ഡി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും നിലവിലുണ്ട്. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിനു വേണ്ടി കാമ്പസിനുള്ളിൽ 5 എം.എൽ.ഡി ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. അതു പോലെ തന്നെ കൊച്ചി നഗരസഭയിൽ 5 എം.എൽ.ഡി ശേഷിയുള്ള പുതിയ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തിയും കൊല്ലം കോർപ്പറേഷനിലെ കുരീപ്പുഴയിൽ 12 എം.എൽ.ഡി സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് നിർമ്മിക്കുന്ന പ്രവൃത്തിയും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തുകയും പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസിൻ മേലുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു .<br>തിരുവനന്തപുരം മുട്ടത്തറയിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഇപ്പോൾ പ്രതിദിനം ഏകദേശം 50 എം.എൽ.ഡി മലിന ജലം ശുദ്ധീകരിച്ചു വരുന്നു. ശുദ്ധീകരണ പ്രക്രിയക്ക് ശേഷമുള്ള ജലത്തിന്റെ ഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള പരിധിക്കുള്ളിലാണ്. ശുദ്ധീകരിച്ച് വേർതിരിച്ച ഖരമാലിന്യം പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാതെ സംസ്കരിക്കുന്നു. കൊച്ചിയിലെ ട്രീറ്റ്മെന്റ് പ്ലാന്റ് 3.5 എം.എൽ.ഡി ശേഷിയിൽ പ്രവർത്തിച്ചു വരുന്നു. ഇവിടെയും ശുദ്ധീകരണ പ്രക്രിയക്ക് ശേഷമുള്ള ജലത്തിന്റെ ഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള പരിധിക്കുള്ളിലാണ് എന്ന് ഉറപ്പു വരുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നഗരങ്ങളിലെ ടോയ് ലറ്റ് വേസ്റ്റ് എങ്ങനെയാണ് സംസ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ: | (ബി) | തിരുവനന്തപുരം നഗരത്തിൽ സിവറേജ് ശൃംഖലയുള്ള സ്ഥലങ്ങളിൽ ടോയ് ലെറ്റ് വേസ്റ്റ് സിവറേജ് പൈപ്പ് ലൈനുകളിലൂടെ വിവിധ പമ്പ് ഹൗസുകളിൽ എത്തിച്ച് അവിടെ നിന്നും പമ്പ് ചെയ്ത് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിച്ച് ശുദ്ധീകരിക്കുന്നു. സിവറേജ് ശൃംഖല ഇല്ലാത്ത സ്ഥലങ്ങളിൽ കോർപ്പറേഷൻ ടാങ്കറുകൾ വഴി ശേഖരിക്കുന്ന സെപ്റ്റേജ് മാലിന്യവും മുട്ടത്തറയിലുള്ള സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനിൽ എത്തിച്ച് ട്രീറ്റ്മെന്റ് പ്ലാന്റ് വഴി സംസ്കരിക്കാനുള്ള സംവിധാനവും നിലവിലുണ്ട്.<br>കൊച്ചി നഗരത്തിലും ചെറിയ തോതിലുള്ള സമാനമായ സംവിധാനം നിലവിലുണ്ട്. എന്നാൽ ആയത് വളരെ പരിമിതമാണ്. ഭൂരിപക്ഷം നഗരങ്ങളിലും ഇത്തരം സംവിധാനങ്ങൾ നിലവിലില്ല. |
| (സി) | പുഴകളിലും കായലുകളിലും ടോയ് ലെറ്റ് വേസ്റ്റ് ഒഴുക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (സി) | കേരളത്തിലെ ജലസ്രോതസ്സുകളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽ നിന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മാസം തോറും വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തി വരുന്നു. പരിശോധന ഫലങ്ങൾ അനുസരിച്ച് പുഴകളിലെയും കായലുകളിലെയും വെള്ളത്തിൽ ടോയ് ലെറ്റ് മാലിന്യത്തിൽ നിന്നുള്ള കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾ,ആശുപത്രികൾ,പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തു വിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തടയുന്നതിനായി ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടു വന്നും ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധന നടത്തിയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല മലിനീകരണം നിയന്ത്രിച്ചു വരുന്നു. സിവറേജ് പമ്പ്ഹൗസുകളിലെ ഓവർഫ്ലോ നിമിത്തം നദികളിൽ മാലിന്യം കലരുന്നത് ഒഴിവാക്കാൻ പമ്പിംഗ്ശേഷി വർദ്ധിപ്പിക്കുക, ലൈനുകൾ മാറ്റി സ്ഥാപിക്കുക, ജനറേറ്റർ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തികൾ വിവിധ പദ്ധതികളിലൂടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. ടോയ് ലെറ്റ് വേസ്റ്റ് ശേഖരിച്ച് പുഴകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽ |

| | | | |
|---|---|---|---|
| | | | പ്പെടുന്ന ഇടങ്ങളിൽ പോലീസ് അധികൃതരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ വിഭാവനം ചെയ്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. കേരള വാട്ടർ അതോറിറ്റിക്ക് തിരുവനന്തപുരം നഗരത്തിൽ മുട്ടത്തറയിൽ 107 എം.എൽ.ഡി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും കൊച്ചിയിൽ 4.5 എം.എൽ.ഡി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഗുരുവായൂരിൽ 3 എം.എൽ.ഡി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും നിലവിലുണ്ട്. കോഴിക്കോട് നഗരസഭയുടെ അധീനതയിൽ നടപ്പിലാക്കി വരുന്ന സീവേജ് പദ്ധതിയും സോൺ ബി യിലെ 13.5 എം.എൽ.ഡി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തിയും നിലവിൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ സ്റ്റേ കാരണം നിർത്തി വച്ചിരിക്കുകയാണ് .<br>കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പദ്ധതിയായ അമൃതിൽ തിരുവനന്തപുരം, കൊച്ചി, കൊല്ലം നഗരങ്ങളിലേയ്ക്കുള്ള സിവറേജ് സംവിധാനങ്ങൾക്കായി 203.36 കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇവ കേരള ജല അതോറിറ്റിയുടെ മേൽ നോട്ടത്തിൽ നടത്തി വരുന്നു. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ 5 എം.എൽ.ഡി. സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കുന്നതിനുമുള്ള 19.16 കോടി രൂപയുടെ പ്രവൃത്തിയ്ക്ക് കരാർ നൽകി കഴിഞ്ഞു കൂടാതെ അമൃത് പദ്ധതിയിൽ കൊല്ലം കോർപ്പറേഷനിലെ കരിപ്പുഴയിൽ 12 എം.എൽ.ഡി സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയ പ്രവർത്തിയും കൊച്ചി കോർപ്പറേഷനിലെ എളംകുളത്തു 5 എം.എൽ.ഡി സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് നിർമ്മിക്കുന്നതിനുള്ള 13.7 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയ പ്രവർത്തിയും കേരള ജല അതോറിറ്റി ടെണ്ടർ ചെയ്തത് സൂക്ഷ്മ പരിശോധന നടത്തി വരുന്നു. |

Renuka Sankar

**സെക്ഷൻ ഓഫീസർ**